# അമേരിക്കൻ കഥകൾ

## മിനികഥകൾ മുപ്പത്തി ഒന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, ആശാൻ ഡേവിഡിനെ കുറിച്ചുള്ള കഥയാണ് പറയാൻ പോകുന്നത്. അന്നച്ചി അവിടെ വന്നിട്ട് ഏതാനം വർഷങ്ങൾ കഴിഞ്ഞാണ് ആ കുടുംബം അവിടെ വന്നത്. ആരേ കണ്ടാലും ആശാനേ എന്നു വിളിച്ച് വിളിച്ച് അവസാനം അയാളെ എല്ലാവരും ആശാൻ ഡേവിഡ് എന്ന് വിളിക്കാൻ തുടങ്ങി എന്നു മാത്രമായി പിന്നീട് അറിയപ്പെടുന്നത്.

മോളമ്മ ആണ് ആദ്യം വന്നത്. അത് എങ്ങിനെ വന്നെന്നോ ആര് സഹായിച്ചെന്നോ, കൂടാതെ എങ്ങിനെ ആ സ്ഥലത്ത് വന്നെന്നോ ഒന്നും അറിയത്തില്ല. ഇന്ത്യയിൽ അവർ രണ്ടു പേരും ഒരേ ആശുപത്രിയിലായിരുന്നു ജോലി ചെയ്തതും കൂടാതെ ഒരേ ഹോസ്റ്റലിൽ ആയിരുന്നു താമസിച്ചിരുന്നതും. എന്നിട്ടും അവർ തമ്മിൽ സംസാരിക്കുക പോലും ചെയ്തിരുന്നില്ല ഇവിടെ അമേരിക്കയിൽ വന്ന ശേഷമാണ് പരസ്പരം സംസാരിച്ചു തുടങ്ങിയതും.

മോളമ്മ വെളുത്തതും, കൂടാതെ നല്ല സുന്ദരിയുമായിരുന്നു. ഡേവിഡ് എയർഫോഴ്സിൽ അവിടെ ഉണ്ടായിരുന്നു. അയാളെ കണ്ടാൽ വെളുത്തതും കൂടാതെ നല്ല സുന്ദരനും ആയിരുന്നു. ഒരിക്കൽ വളരെ അപ്രതീക്ഷിതമായി ഡേവിഡും മോളമ്മയും തമ്മിൽ പള്ളിയിൽ വെച്ചു കണ്ടു മുട്ടി; കണ്ടു മുട്ടി, കണ്ടു മുട്ടി, രണ്ടു ഹൃദയങ്ങൾ തമ്മിൽ ചെണ്ട കോട്ടി. അയാൾ അങ്ങിനെ പള്ളിയിൽ പോക്കൊന്നുമുള്ള കൂട്ടത്തിൽ അല്ല. അന്ന് കൂട്ടുകാർ വളരെ നിബന്ധിച്ചതുകൊണ്ടു മാത്രം പോയതാണ്. പ്രഥമ ദൃഷ്ടിയിൽ തന്നെ അവർ തമ്മിൽ പ്രണയത്തിലായി. അയാൾ അങ്ങിനെ പെണ്ണുങ്ങളുടെ വായിൽ നോക്കാൻ പോകുന്ന കൂട്ടത്തിലല്ല. മോളമ്മ വളരെസോഷ്യൽ ആണ്. ആൺ പെൺ വ്യത്യാസം കൂടാതെ ആരുമായും ഇടപഴകാനും സാമർത്ഥ്യമുള്ള കൂട്ടത്തിലാണ്.

മോളമ്മയെ കണ്ടതിനു ശേഷം പിന്നെയും പിന്നെയും അവളെ കാണണമെന്ന് അയാൾക്ക് വളരെ ആഗ്രഹമായി. അങ്ങിനെ അയാൾ പള്ളിയിൽ പോക്ക് സ്ഥിരമാക്കി. അയാളേക്കാളും അഞ്ചു വയസ് പ്രായ കൂടുതലാണ് അവൾക്ക്. അതൊന്നും അയാൾ കാര്യമാക്കിയില്ല. വളരെ ദാരിദ്യമുള്ള ഒരു കുടുംബത്തിലേതാണ് അവൾ. അവളുടെ ഇളയതായി മൂന്ന് അനിയത്തിമാർ വേറെ. ഇവരെയെല്ലാം സ്ത്രീധനം കൊടുത്ത് കെട്ടിച്ചു വിടാനുള്ള സാമ്പത്തിക ശേഷി ആ കുടുംബത്തിനില്ലായെന്ന് അവൾക്ക് നല്ല ബോദ്ധ്യമുണ്ട്. അപ്പോൾ പിന്നെ കിട്ടിയ ആളെ കൈ വിട്ടു കളയാതെ അവൾ വളരെ ബുദ്ധിപൂർവ്വം പെരുമാറി.

ആ കാലങ്ങളിൽ നേഴ്സുമാക്കും പട്ടാളകാക്കും ഇണകളെ കിട്ടാൻപ്രയാസമുള്ളസമയമായിക്കുന്നു. അതുകൊണ്ട് വളരെയധികം പട്ടാളക്കാരും നേഴ്സുമാരും തമ്മിൽ പ്രണയിച്ചു വിവാഹം നടക്കുക സാധാരണയാണ്. ഈ കേസുകെട്ടിൽ അവർ രണ്ടു പേരും ഒരേ പള്ളികാരാണ്. ഒരേ നിലവാരത്തിൽ ഉള്ള കുടുംബങ്ങളുമാണ്. രണ്ടു കൂട്ടക്കും സാമ്പത്തിക ഭദ്രത കുറവാണ്. രണ്ടു കുടുംബഗങ്ങളിലും പ്രാരാബ്ദവും ഉണ്ട്. അവർ തമ്മിലുള്ള പ്രായവ്യത്യാസം അവർ മാത്രവും പള്ളി പുസ്തകത്തിലുമായ് ഒതുങ്ങി. കേരളത്തിൽ പോയ് വീട്ടുകാരുടെ ആശീർവാദത്തോടു കൂടെ തന്നെ വിവാഹം ഭംഗിയായി നടന്നു. അവർ രണ്ടു പേരും ജോലിസ്ഥലത്ത് മടങ്ങി വന്നു. വാടകയ്ക്ക് വീടെടുത്ത് താമസമായി.

അപ്പോൾ അമേരിക്കയിലേക്ക് നേഴ്സുമാർ പൊയ്ക്കൊണ്ടിരിക്കുന്ന സമയമാണ്. മോളമ്മയുടെ കഴിവുകൊണ്ടു മാത്രമാണ് അവൾ അമേരിക്കയിൽ അവിടെ എത്തിയത്. ഡേവിഡ് എയർഫോഴ്സിൽ അക്കൌണ്ട് വകുപ്പിലാണ് ജോലി. അവൾ അമേരിക്കയിലേക്ക് യാത്ര തിരിക്കുമ്പോൾ ഗർഭിണിയാണ്. അവൾ അമേരിയിൽ വന്നപ്പോൾ തന്നെ വളരെ കഷ്ടപ്പെട്ട് ജോലിയും പഠിത്തവുമെല്ലാമായി വളരെ പെട്ടന്നു തന്നെ റജിസ്റ്റേഡ് നേഴ്സിംഗ് പാസായി. അവളുടെ സാമർത്ഥ്യം കൊണ്ട് അയാളെ പെട്ടന്ന് അമേരിക്കയിൽ എത്തിച്ചു. അന്നച്ചി ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അയാൾ അവിടെ വന്ന് ഏതാനം ദിവസങ്ങൾ കഴിഞ്ഞപ്പോൾ അവൾ ഒരാൺകുഞ്ഞിനെ പ്രസവിച്ചു. ആ പ്രസവാവധിയിൽ തന്നെ അയാൾക്ക് നല്ല ഒരു ജോലി അവിടെ നല്ല ഒരു കമ്പിനിയിൽ വാങ്ങി കൊടുത്തു.

പിന്നിടെല്ലാം പെട്ടെന്നായിരുന്നു: രണ്ടു വർഷം കഴിഞ്ഞപ്പോൾ അവൾ ഒരു പെൺകുഞ്ഞിനെ പ്രസവിച്ചു. മോന് ജോബി എന്നും മോൾക്ക് രൂത്തെന്നും പേരിട്ടു. പിന്നെ ഏകദേശം പത്തു വർഷം കഴിഞ്ഞപ്പോൾ വീണ്ടും ഒരു മോനുണ്ടായി; ജോജി. ഇതിനിടയിൽ മോളമ്മയുടെ സഹോദരങ്ങളെയെല്ലാം അവിടെ എത്തിച്ചു; അതുപോലെ അയാളുടെ സഹോദരങ്ങളേയും. ജോബി മിടുക്കനായി പഠിച്ച് ഇൻഞ്ചിനീയറായി; കേരളത്തിൽ പോയി ഐ.ടി പഠിച്ച ഒരു പെണ്ണിനെ വിവാഹം കഴിച്ചു. മോൾ രൂത്തിന്, അമേരിക്കയിൽ തന്നെ അല്പം അകലെയുള്ള ഒരു സ്ഥലത്തുള്ള നല്ല ഒരു മലയാളി പയ്യനെ കൊണ്ട് കെട്ടിച്ചു.

രൂത്തിന് ഭർത്താവിനെ ഇഷ്ടപ്പെട്ടെങ്കിലും, അവൾ അവനിൽ സംതൃപ്ത ആയിരുന്നില്ല. മിക്കവാറും ദിവസങ്ങളിൽ പൊട്ടലും ചീറ്റലുമെല്ലാം ഉണ്ടായിരുന്നെങ്കിലും മോളമ്മയുടെ തന്മയത്വമായ ഇടപെടലുകൾ മൂലം ഒരു വിധത്തിൽ ദിവസങ്ങൾ ഓരോന്നായി തള്ളി വിട്ടു. ആശാൻ ദിവസവും മദ്യപിക്കും; അതുകൊണ്ട് മറ്റു ദോഷങ്ങളൊന്നുമില്ല. കൈ നിറയെ ഡോളർ കിട്ടും. അയാൾ നല്ലവണ്ണം പന്നിയിറച്ചി കൂട്ടാൻ വെയ്ക്കും. ജീവിതത്തിൽ ഒരിക്കലും പന്നി ഇറച്ചി തിന്നിട്ടില്ലാത്തവരും അയാളുണ്ടാക്കുന്നത് വയറു നിറയെ കഴിക്കും. വീട്ടിൽ വരുന്നവരെ അയാൾ ധാരാളമായി മദ്യവും പന്നിയിറച്ചിയും കൊടുത്ത് സൽക്കരിക്കും. അയാൾ നാട്ടിൽ നിന്നു വന്നതു പോലെയല്ല, ഇപ്പോൾ നല്ല വിധം വണ്ണം നല്ല കഷണ്ടിയുമായി, മുഖത്തെല്ലാം നോക്കിയാൽ ചോര ഒപ്പിയെടുക്കും വിധം ചുവന്നു തുടുത്തു; സായപ്പാണെന്നേ ഒറ്റ നോട്ടത്തിൽ തോന്നത്തുള്ളു.

രൂത്തിന് ജോലി സംബന്ധമായി കമ്പ്യൂട്ടറിൽ ഒരല്പം സഹായം പല സമയത്തും വേണ്ടി വന്നു. പലപ്രാവശ്യം അവളെ സഹായിച്ചപ്പോൾ അയാൾ ക്ഷമ കെട്ടു. അവസാനം അവന്റെ കൂടെ ജോലി ചെയ്യുന്ന ക്ലാരൻസിനെ പരിചയപ്പെടുത്തി. ക്ലാരൻസ് ഭാര്യയുമായി വേർ പിരിഞ്ഞ് കഴിയുന്ന സമയമായിരുന്നു അത്. അയാൾ അവളെ സഹായിച്ച് സഹായിച്ച് അവസാനം പാശ്ചാത്യ രീതിയിലുള്ള രതി ക്രീഡ ചെയ്ത് അവളെ പ്രീണിപ്പിച്ച്, അവളുമായി പല തവണ ഭോഗപ്രക്രിയകളിൽ ഏർപ്പെട്ടു. അവൾ ആഗ്രഹിച്ചിരുന്നതും അതായിരുന്നു. അവളുടെ അപ്പനേക്കാൾ കേവലം രണ്ടു വയസു മാത്രം പ്രായവ്യത്യാസമുള്ള അയാളുമായി അവൾ പുതിയ ജീവിതം ആരംഭിച്ചു. ഡേവിഡിന് അത് താങ്ങാവുന്നതിലും അപ്പുറമായി; പണ്ടേ ദുർബ്ബല പിന്നെ ഗർഭിണി എന്നതു പോലെ, അയാളുടെ കുടി കൂടി കൂടി, രാപകലില്ലാതെ കുടി ആയി. റിട്ടയർ ചെയ്ത് ആദ്യത്തെ ശോഷ്യൽ സെക്ക്യൂരിട്ടി പണം കിട്ടേണ്ടതിന്റെ തലേ ദിവസം മരിച്ചു. അയാൾ രോഗി ആയി വളരെയേറെ ദിവസങ്ങൾ ആശുപത്രിയിൽ കിടന്നിട്ടാണ് മരിച്ചത്. അയാളേ കൊണ്ട് താങ്ങാവുന്നതിലധികമായിരുന്നു മകൾ കൊടുത്ത മനോപീഢ. മനപ്രയാസം മാറാൻ വേണ്ടി അയാൾ പിന്നേയും പിന്നേയും മദ്യപിച്ചു; അവസാനം അയാൾക്ക് നിത്യ ശാന്തി കിട്ടി.